**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 20.01.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.01.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1208** തദ്ദേശഭരണ സ്ഥാപനങ്ങൾ **1888.78** കോടി രൂപ (**31.08** %) ചെലവഴിച്ച തായും ഇതിൽ **978** ഗാമപഞ്ചായത്തുകൾ **1113.91** കോടി രൂപയും (**35.03** %), **152**ബ്ലോക്ക് പഞ്ചായത്തുകൾ **250.81**കോടി രൂപയും **34.24 %)** **14** ജില്ലാ പഞ്ചായത്തുകൾ **232.42** കോടി രൂപയും (**25.59** %), **59**മുനിസിപ്പാലിറ്റികൾ **176.35** കോടി രൂപയും, (**27.52** %), **5** കോർപ്പറേഷനുകൾ **115.29** കോടി രൂപയും (**18.12** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015–16 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ ഭേദഗതിക്ക് 2016 ഫെബ്രുവരി 15 വരെ സമയം ദീർഘിപ്പിച്ചു തീരുമാനിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് വകയിരുത്തി രൂപീകരിച്ചിരുന്ന പ്രോജക്ടുകൾ പലതും തനത് ഫണ്ടിനു പകരം പ്ലാൻ ഫണ്ട് വകയിരുത്തി ഭേദഗതിക്കായി സമർപ്പിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി മിക്ക ആസൂത്രണ സമിതികളിൽ നിന്നും അറിയിച്ചിരിക്കുന്നത് യോഗം ചർച്ച ചെയ്തു. തനത് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ രൂപീകരിച്ച സ്ഥിതിക്ക് തനത് ഫണ്ട് ലഭ്യമല്ലാതെ വന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നെങ്കിൽ മാത്രം പ്ലാൻ ഫണ്ട് വകയിരുത്തി ഭേദഗതി അനുവദിക്കാവൂ എന്ന് യോഗം നിർദ്ദേശിച്ചു.

**2.4** സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളായി മാറുകയും മുനിസിപ്പൽ കോർപ്പറേഷനുകളോടു കൂട്ടിച്ചേർക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കായി രൂപീകരിക്കുകയും നിർവഹണം തുടങ്ങിയതുമായ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ചില നിർവഹണ ഉദ്യോഗസ്ഥൻമാർ വിമുഖത കാണിക്കുന്നതായി കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രസ്തുത മുനിസിപ്പാലിറ്റികളിൽ താൽക്കാലികമായി തുടരാൻ അനുവദിച്ചിരിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവഹണം നടത്തേണ്ടതാണെന്ന് സ്പഷ്ടീകരണം നൽകി തീരുമാനിച്ചു.

**2.5** ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിധിയിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ഔഷധങ്ങൾ വാങ്ങി വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആയതിനാൽ ടി കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു പ്രകാരമുള്ള ഔഷധ ലഭ്യത ഇല്ലായ്മയെ അടിസ്ഥാനമാക്കി (Non Availability Certificate) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് ഔഷധം വാങ്ങാവുന്നതാണെന്ന് യോഗം തീരുമാനിച്ചു. ആരോഗ്യ കുടുംബ

ക്ഷേമ വകുപ്പിന്റെ 18.06.2015–ലെ 6966/J1/2015/H&FWD സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ഇതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കി തീരുമാനിച്ചു.

**2.6** പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി/പട്ടികവർഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്ക് ഇന്നേ തീയതി മുതൽ അവലംബിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ചു തീരുമാനിച്ചു.എന്നാൽ സ്ഥലത്തിന്റെ വില ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കണം.

**2.7** ശുചിത്വ മിഷൻ തയ്യാറാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ കക്കൂസ് നൽകാനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതെന്ന് മിഷൻ ആവശ്യപ്പെട്ടതായി ചില ഗ്രാമപഞ്ചായത്തുകൾ അറിയിച്ചത് യോഗം ചർച്ച ചെയ്തു. നിയമപരമായി ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ്**

**(ഫയൽ നം.244/ഡി.എ1/15/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ട പരാതി പരിഹാര സെല്ലിന്റെ ഘടന ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് വിശദമായി പരിശോധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിൽ തന്നെ നടപടി സ്വീകരിക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തുറവൂർ ഗ്രാമപഞ്ചായത്ത് (ബഹു.അങ്കമാലി എം.എൽ.എ അഡ്വ. ജോസ് തെറ്റയിൽ മുഖേന (ഫയൽ നം.863/ഡി.ബി.3/15/തസ്വഭവ)**

പാലിയേറ്റീവ് കെയർ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ തുറവൂർ ഗ്രാമപഞ്ചായത്തിനോട് യോഗം നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മാടായി ഗ്രാമപഞ്ചായത്ത്**

സ്വകാര്യ വാഹനം ഗ്രാമപഞ്ചായത്ത് വാഹനമായി ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുമെന്ന തിനാൽ അനുവദിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു. ഗ്രാമപഞ്ചായ ത്തിന് സ്വന്തം വാഹനം ഇല്ലെങ്കിൽ 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയത് വാങ്ങാനും കാലപ്പഴക്കമുള്ള പഴയ വാഹനമാണ് ഉള്ളതെങ്കിൽ അത് കണ്ടം ചെയ്ത് പുതിയത് വാങ്ങാനും നിലവിൽ ഉത്തരവ് ഉള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തലയോലപറമ്പ് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മുഴുവൻ സമയ ഉപയോഗത്തിന് വാഹനം അനുവദിക്കണമെന്ന ആവശ്യം യോഗം ചർച്ച ചെയ്തു. ഗ്രാമപഞ്ചായത്തിന്

സ്വന്തം വാഹനം ഇല്ലെങ്കിൽ 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയത് വാങ്ങാനും കാലപ്പഴക്കമുള്ള പഴയ വാഹനമാണ് ഉള്ളതെങ്കിൽ അത് കണ്ടം ചെയ്ത് പുതിയത് വാങ്ങാനും നിലവിൽ ഉത്തരവ് ഉള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ സോളാർ ലൈറ്റ് മെയിന്റനൻസിന്റെ ഉത്തരവാദിത്തം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മുന്നിയൂർ ഗ്രാമപഞ്ചായത്ത്**

കേരള ബിൽഡിംഗ് ടാക്സ് ആദ്യ ഗഡു അടച്ച രസീതോ അല്ലെങ്കിൽ ടാക്സ് അസസ് ചെയ്തതായുള്ള സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രമേ പുതിയ കെട്ടിട ങ്ങൾക്ക് കെട്ടിട നമ്പർ അനുവദിക്കാവൂ എന്ന സർക്കാർ ഉത്തരവ് (09.07.2015–ലെ 231/15) പൊതുജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നതിനാൽ പിൻവലിക്കണമെന്ന് ആവശ്യം യോഗം ചർച്ച ചെയ്തു വകുപ്പുതലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ഓമശ്ശേരി ഗ്രാമപഞ്ചായത്ത്(ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ മുഖേന)**

എൽ.പി. യു.പി. വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയ പ്രോജക്ടിന് അംഗീകാരം നൽകണമെന്ന ആവശ്യം 24.08.2015–ൽ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്തിരുന്നതായും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതായും യോഗം നിരീക്ഷിച്ചു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ചർച്ച ചെയ്യാനായി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്**

പാലിയേറ്റീവ് കെയറിനായി വാഹനത്തിന്റെ മേൽനോട്ടവും തുടർ ചെലവുകളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കുമെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

തകർന്നു വീണ സ്ക്കൂൾ കെട്ടിടം പൊളിച്ചു നീക്കുന്ന പ്രോജക്ടിന് ഭേദഗതിക്കായി ഡി.പി.സി യെയാണ് സമീപിക്കേണ്ടതെന്നും വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരേണ്ടതല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കാമാക്ഷി ഗ്രാമപഞ്ചായത്ത്**

വനിത ഘടക പദ്ധതി തുക ഉപയോഗിച്ച് ഓഫീസ് കെട്ടിടം പണിയുന്നത് സംബന്ധിച്ച് 13.01.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.4 തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചിറക്കടവ് ഗ്രാമപഞ്ചായത്ത്**

നിലവിലെ സിവിൽ വർക്ക് ക്ലോസ് ചെയ്യാനും ഇലക്ട്രിഫിക്കേഷന് പുതിയ പ്രോജക്ട് ഏറ്റെടുക്കാനും നടപടി സ്വീകരിക്കാവുന്നതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഊർജവകുപ്പിന്റെ ഫയൽ നമ്പർ 7115/ജി/14/പി.ഡി**

കെ.എസ്.ഇ.ബി. കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നത് സംബന്ധിച്ചുള്ള 08.07.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ ഇനം 3.7 തീരുമാനത്തിന്മേൽ മാറ്റം വരുത്തേണ്ടതില്ലെന്നും നിർദ്ദേശിച്ചു.തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 സ്വതന്ത്ര തൊഴിലാളി യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റിയുടെ കത്ത്**

ആശാ വർക്കർമാർക്കുള്ള പ്രതിമാസ ഹോണറേറിയം 1000 രൂപയിൽ നിന്നും 3000 രൂപയായി ഉയർത്തണമെന്ന ആവശ്യം അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കാസർ ഗോഡ് ജില്ലാ പഞ്ചായത്ത്**

തെരുവുനായ നിയന്ത്രണ പരിപാടി (ABC) പ്രകാരം കേന്ദ്ര മൃഗ സംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള എൻ.ജി.ഒകളെ സുതാര്യമായി തെരഞ്ഞെടുക്കുന്നതിനും, അവരുടെ പ്രവർത്തനം ജില്ലാതല കോഓർഡിനേഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തുന്നതിനും അനുമതി നൽകി തീരുമനിച്ചു. നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ടി.എസ്.ബി. അക്കൗണ്ട് ആരംഭിക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ 187/2015 നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ എന്തു ചെയ്യാനാകുമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പേരാമ്പ്ര ബ്ലോക്ക് പ ഞ്ചായത്ത്**

പ്ലസ് വണിന് പഠിക്കുന്ന എസ്.സി. പെൺകുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും നിലവിൽ പ്ലസ് വൺ ക്ലാസിലെ കുട്ടികൾക്ക് സൈക്കിൾ വാങ്ങാൻ അനുമതി ഉള്ളതായി നിരീക്ഷിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 9.30 മണിക്ക് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ജനുവരി 27 ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**